(സി) നെൽവയൽ മണ്ണിട്ട് നികത്തി തരം മാറ്റുന്നതിനെതിരെ 1967-ലെ കേരള ഭൂവിനിയോഗ നിയമംമൂലം കർശനമായ നിയന്ത്രണങ്ങൾ വരുത്തിയിട്ടുണ്ട്. ഇതു പ്രകാരം നെൽപ്പാടം നികത്തുകയോ മറ്റാവശ്യങ്ങൾക്കായി തരം മാറ്റുകയോ ചെയ്താൽ ഉടമസ്ഥനെ വിളിച്ചുവരുത്തി നെൽകൃഷി ചെയ്യുന്ന സ്ഥലം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കരുത് എന്ന് നിർദ്ദേശിക്കുവാനും ഇത് ലംഘിച്ചാൽ മൂന്നു മാസം മുതൽ 7 മാസം വരെ തടവിന് വിധിക്കാനും, ഫൈൻ ഈടാക്കുവാനും, സ്ഥലം ഏറ്റെടുത്ത് ലേലം ചെയ്ത് വിൽക്കുവാനും ജില്ലാ കളക്ടർമാർക്ക് അധികാരം ഉണ്ട്.

കുട്ടനാട്ടിലെ കാർഷികേതര ആവശ്യങ്ങൾക്കായുള്ള നിലം നികത്തൽ

314 [1244] *ശ്രീ. പി. ജെ. ജോയി:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ബി. വിജയകുമാർ:
,, *കെ. മുഹമ്മദാലി:*
,, *പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നിലം നികത്തി കൃഷിയിതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഉദ്ദേശം എത്ര ഹെക്ടർ നിലം നികത്തപ്പെട്ടിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) എന്തെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് നിലം നികത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനും സി. പി. ഐ. (എം.)-ന്റെയും അതിന്റെ പോഷകസംഘടനകളുടെയും ഓഫീസ് നിർമ്മിക്കുന്നതിനും കുട്ടനാട്ടിൽ എത്ര ഇടങ്ങളിൽ നിലം നികത്തിയിട്ടുണ്ട്; ഈ നികത്തിയ സ്ഥലങ്ങളിൽ നെൽകൃഷി നടത്താൻ കഴിയുമോ;

(ഇ) ഇല്ലെങ്കിൽ ഈ കാര്യങ്ങൾക്കുവേണ്ടി നിലം നികത്തിയപ്പോൾ കെ. എസ്. കെ. ടി. യു. ഏതെങ്കിലും വിധത്തിൽ പ്രതിഷേധം നടത്തിയിരുന്നുവോ?

ഉത്തരം

(എ) ഉണ്ട്.

(ബി)–(ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly